മെട്രോ വാർത്ത

29 July 2017

# ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ വരുന്നു

- സിഎംഎഫ്ആർഐയുടെ സമുദ്രമത്സ്യ വിത്തുത്പാദന പദ്ധതിക്ക് 9 കോടി
- സമുദ്രമത്സ്യ കൃഷി ഇനി ജനകീയമാകും



കൊച്ചി: ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ (ബ്രൂഡ് ബാങ്ക്) സ്ഥാപിക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കേന്ദ്ര സർക്കാർ ഒമ്പതു കോടി രൂപ അനുവദിച്ചു.

മോദ, വറ്റ എന്നീ കടൽമീനുകളുടെ വിത്തുമത്സ്യ ബാങ്കുകൾ സ്ഥാപിക്കാനും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണ് സാമ്പത്തിക സഹായം.

പ്രജനനത്തിന് പാകമായ മത്സ്യങ്ങളുടെ ശേഖരമാണ് വിത്തുമത്സ്യ ബാങ്ക്. കടൽ മീൻ കൃഷി ജനകീയമാക്കാൻ സിഎംഎഫ്ആർഐ സമർപ്പിച്ച വിത്തുത്പാദന വികസന പദ്ധതിക്ക് കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലുള്ള മൃഗസംരക്ഷണ, ക്ഷീരവികസന, ഫിഷറീസ് വകുപ്പാണ് അംഗീകാരം നൽകിയത്.

സിഎംഎഫ്ആർഐയുടെ മണ്ഡപം, വിഴിഞ്ഞം ഗവേഷണ കേന്ദ്രങ്ങളിലാകും മാതൃമത്സ്യ ബാങ്ക് സ്ഥാപിക്കുന്നത്. കൂടാതെ, പദ്ധതിയുടെ ഭാഗമായി പ്രാദേശിക വിത്തുത്പാദന കേന്ദ്രങ്ങൾ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സ്ഥാപിക്കും. വിത്തുത്പാദനത്തിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഉൾക്കൊള്ളുന്നതാണ് വിത്തുമത്സ്യ ബാങ്ക്.

ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ദൗർലഭ്യം സമുദ്രകൃഷി വ്യാപനത്തിന് തടസമാകുന്ന സാഹചര്യത്തിലാണ് പുതിയ സംവിധാനം കൊണ്ടുവരുന്നത്. കൂട് മത്സ്യ കൃഷിക്ക് ഏറെ അനുയോജ്യമായ മോദ, വറ്റ മീൻ കുഞ്ഞുങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ആവശ്യമായ തോതിൽ ലഭ്യമാക്കുകയാണ് പുതിയ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നതെന്ന് സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ എ. ഗോപാലകൃഷ്ണൻ.

ഈ സംവിധാനം വരുന്നതോടെ, കൃഷിയിറക്കാൻ പാകമായ ഒരു കോടി വറ്റ മീൻകുഞ്ഞുങ്ങളെയും 30 ലക്ഷം മോദ മീൻകുഞ്ഞുങ്ങളെയും ഉത്പാദിപ്പിക്കാനാകും. ഇവയുടെ കൂടുമത്സ്യകൃഷി ഇതോടെ വൻതോതിൽ വ്യാപിക്കാൻ ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐയുടെ മണ്ഡപം ഗവേഷണ കേന്ദ്രത്തെ കൂടുമത്സ്യ കൃഷിയുടെ നോഡൽ ഹബ്ബാക്കി മാറ്റുന്ന തരത്തിലാണ് പദ്ധതി. രാജ്യത്തിന്റെ എല്ലാ ഭാഗത്തേക്കും കൃഷിക്ക് ആവശ്യമായ മീൻകുഞ്ഞുങ്ങളെ ഇവിടെ നിന്ന് വിതരണത്തിന് തയ്യാറാക്കും. പ്രാദേശിക മീൻവിത്തുൽപാദന കേന്ദ്രങ്ങളിലൂടെയാണ് വിതരണം നടത്തുക.

രാജ്യത്തെ കൂടുമത്സ്യ കൃഷിയുടെ നോഡൽ കേന്ദ്രമായി മണ്ഡപം മാറും. ഇത് ഈരംഗത്ത് കേരളത്തിന് മികച്ച സാധ്യത നൽകും. നിലവിൽ ആയിരത്തിലധികം കൂടുമത്സ്യകൃഷി സംരംഭങ്ങൾ ഇന്ത്യൻ സമുദ്രതീരങ്ങളിൽ നടന്നുവരുന്നുണ്ട്.